65 (1797) കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കോർപ്പറേഷൻ ലാഭകരമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ റണ്ണിംഗ് കണ്ടീഷനിലുള്ള എത്ര ബസ്സുകൾ ഉണ്ടെന്ന് പറയുമോ;

(ഡി) ഇതിൽ 5 വർഷത്തിനുമേൽ പഴക്കമുള്ള ബസ്സുകൾ എത്ര;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബസ്സുകൾ കമ്മിഷൻ ചെയ്ത് നിരത്തിലിറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(എഫ്) പുതിയതായി ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. വരുമാനം കുറവുള്ള സർവ്വീസുകൾ കൂടുതൽ വരുമാനം ലഭിക്കത്തക്ക വിധത്തിൽ തിരക്കുള്ള സമയത്തും റൂട്ടിലും സമയക്രമീകരണം നടത്തി ഓടിച്ചുവരുന്നു.

2. വരുമാനച്ചോർച്ച തടയുവാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗം ശക്തമാക്കുവാൻ നിർദ്ദേശം നൽകി.

3. കൂടുതൽ പുതിയ ഡിപ്പോകളും സബ് ഡിപ്പോകളും ആരംഭിച്ചു.

4. സ്ഥിരം ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുവാൻ യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

5. മുൻ കാലങ്ങളിൽ സെൻട്രൽ വർക്സിൽ മാത്രം ചെയ്തിരുന്ന ബസ് ബോഡി നിർമ്മാണം എല്ലാ റീജിയണൽ വർക്ക്ഷോപ്പുകളിലും വ്യാപിപ്പിച്ചു.

6. വർക്ക്ഷോപ്പുകളുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ തരത്തിലുള്ള യന്ത്രസാമഗ്രികൾ സ്ഥാപിച്ചു. ഇത് വർക്ക്ഷോപ്പുകളുടെ പ്രവർത്തനം എളുപ്പമുള്ളതാക്കുന്നുണ്ട്.

7. കഴിവതും ഒറിജിനൽ സ്പെയർ പാർട്ടുകൾ ഉപയോഗിച്ചു തന്നെ റിപ്പയർ ജോലികൾ ചെയ്യിക്കുന്നു. ഇതുമൂലം ബ്രേക്ക് ഡൗൺ കുറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. യാത്രക്കാർക്ക് കൂടുതൽ സുഖസൗകര്യം നൽകുന്ന ബസ്സുകൾ ദീർഘദൂരം സർവ്വീസിനുപയോഗിച്ചു തുടങ്ങി.

9. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷർ ചെയ്തു. ആദ്യ ഘട്ടമായി സൂപ്പർ ഫാസ്റ്റു വരെയുള്ള 603 ബസ്സുകൾ ഇൻഷർ ചെയ്തു. രണ്ടാംഘട്ടമായി 900-ത്തോളം വരുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഇൻഷർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിടിച്ചുവച്ചിരുന്ന ജീവനക്കാരുടെ മിക്ക ആനുകൂല്യങ്ങളും തിരിച്ചു നൽകി. ഭേദപ്പെട്ട ഒരു ശമ്പള പരിഷ്കരണ കരാർ ഈ സർക്കാരിന്റെ കാലയളവിൽ ഒപ്പുവച്ചു. ഇത് ജീവനക്കാരുടെ ഇടയിൽ പുത്തനുണർവുണ്ടാക്കി. തൻമൂലം സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുവാൻ കഴിയുന്നുണ്ട്.

(ബി) 1. ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിച്ചു.

2. വരുമാനം കുറഞ്ഞ സർവ്വീസുകൾ തിരക്കുള്ള സമയത്തും റൂട്ടിലും മാറ്റി ഓടിച്ചു വരുമാനം വർദ്ധിപ്പിക്കുന്നു.

3. കൂടുതൽ പഴക്കം ചെന്ന ബസ്സുകൾ നിരത്തിൽനിന്നും പിൻവലിക്കുവാൻ തീരുമാനിച്ചു.

4. വരുമാനച്ചോർച്ച തടയുവാനായി ചെക്കിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടിയെടുത്തു.

5. ഓപ്പറേറ്റിംഗ് വിഭാഗത്തിലുള്ള ജീവനക്കാർക്ക് റിഫ്രഷർ ട്രെയിനിംഗ് നൽകുന്നതുകൊണ്ട് സർവ്വീസ് ഓപ്പറേഷനിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനും അതുവഴി കൂടുതൽ വരുമാനമുണ്ടാക്കുവാനും കഴിയുന്നുണ്ട്.

(സി) ഇപ്പോൾ ആകെയുള്ള 3940 ബസ്സുകളിൽ പത്തു ശതമാനത്തോളം ബസ്സുകൾ പലതരത്തിലുള്ള അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ഡി) 1876

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്തു വാങ്ങിയ ചാസികൾ ബോഡി ചെയ്തതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1226 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(എഫ്) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി പരമാവധി ബസ്സുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

66 (1798) നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ എത്രയെന്നും അവ ഏതെല്ലാം ഡിപ്പോകളിൽ ആണെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly